പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 131

23.01.2018 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ ആയത് വിവരിക്കുമോ; | എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കൃത്യമായ ഇടവേളകളിൽ സ്റ്റേഷൻ ഇൻസ്പെക്ഷൻ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. പോലീസ് ജില്ലകളിൽ നിന്നും പ്രതിവാര/ പ്രതിമാസ ബീറ്റ് അവലോകന റിപ്പോർട്ടുകൾ ശേഖരിക്കുന്നു. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ജനകീയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളും ഫോട്ടോകളും മുൻഗണനാ ക്രമത്തിൽ ജനമൈത്രി പോലീസിന്റെ ഫെയ്സ്ബുക്ക് പേജിലും, മുഖമാസികയായ വാർത്താപത്രികയിലും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| ബി) എത്ര ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി പുനർനാമകരണം ചെയ്തുവെന്നും വെളിപ്പെടുത്തുമോ; | ബി) എല്ലാ ലോ ആന്റ് ഓർഡർ പോലീസ് സ്റ്റേഷനുകളും നിലവിൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. സർക്കാർ അധികാരത്തിൽ വരുന്നതുവരെ 267 സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളായിരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിലെ മുഴുവൻ സ്റ്റേഷനുകളിലേയ്ക്കും ജനമൈത്രി സംവിധാനം വ്യാപിപ്പിച്ചു. |

| | | | |
|---|---|---|---|
| സി) | ജനമൈത്രി പോലീസ് സ്റ്റേഷൻ പരിധിയിലെ മയക്കമരുന്നുപയോഗം തടയുന്നതിന് ജനകീയ സ്ക്വാഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | മദ്യത്തിന്റേയും മയക്കമരുന്നിന്റേയും ഉപയോഗം തടയുന്നതിനും ബോധവൽക്കരണത്തിനുമായി 'ലഹരി വിരുദ്ധ കാവൽക്കൂട്ടം' എന്ന പേരിൽ പ്രത്യേകം പരിശീലനം ലഭിച്ച Community Relations Officer (സി.ആർ.ഒ മാർ), ബീറ്റ് ഓഫീസർമാർ, എൻ.ജി.ഒ, സ്കൂൾ ഹെൽത്ത് നേഴ്സ്, എക്സൈസ് ഉദ്യോഗസ്ഥർ, ജനമൈത്രി സമിതി അംഗങ്ങൾ എന്നിവർ അടങ്ങുന്ന ഒരു കൂട്ടായ്മ പ്രവർത്തിച്ചു വരുന്നു. ഇവരുടെ നേതൃത്വത്തിൽ കോളേജുകൾ, സ്കൂളുകൾ, ഓട്ടോ സ്റ്റാൻഡുകൾ, ബസ് സ്റ്റേഷനുകൾ, ലൈബ്രറികൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ മദ്യത്തിനും മയക്കമരുന്നിനുമെതിരെ ബോധവൽക്കരണ ക്ലാസുകൾ എടുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ